# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## അയ്യപ്പൻകോവിൽ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584

ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ : 04862-227332

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.-ഐ.ഡി.കെ-9/347/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 31/03/2021
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
അയ്യപ്പൻകോവിൽ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : അയ്യപ്പൻകോവിൽ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അയ്യപ്പൻകോവിൽ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.-ഐ.ഡി.കെ-9/347/2021 തീയ്യതി: 31/03/2021

## ഇടുക്കി ജില്ലയിലെ അയ്യപ്പൻകോവിൽ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ അയ്യപ്പൻകോവിൽ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-03-2020 മുതൽ 13-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 11 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ബേബി സനൂജ | ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ) | 01-04-2019 | 31-03-2020 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 15-03-2021 | 20-03-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി മരുൺ മാത്യു അസി. ഓഡിറ്റ് ഓഫീസർ
ശ്രീ ജോസഫ് ചാക്കോ അസി. ഓഡിറ്റ് ഓഫീസർ
ശ്രീമതി അനിറ്റ പി സാമുൽ അസി. ഓഡിറ്റ് ഓഫീസർ
ശ്രീ സാമുവൽ രാജ് ആർ സിനി.ഗ്രേഡ് ഓഡിറ്റർ
ശ്രീ എബി എബ്രാഹം സിനി.ഗ്രേഡ് ഓഡിറ്റർ
ശ്രീ ബിനുമോൻ കെ സി ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| Sri Babu A L | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ പി എൻ സുരേന്ദ്രൻ നായർ | സെക്രട്ടറി | 01-04-2019 | 31-03-2020 |

### നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| അനുമോൾ ആർ എസ് | അസി, എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| Dr Smitha R Pilla | Veterinary Surgeon | 01-04-2019 | 21-08-2019 |
| അബ്ദുൾ ഫത്തേഹ് | വെറ്ററിനറി സർജൻ | 22-08-2019 | 31-03-2020 |
| ഡോ ബിബിൻ പ്രസാദ് | മെഡിക്കൽ ഓഫീസർ പി എച്ച് സി | 01-04-2019 | 31-03-2020 |
| Rasmi Vijayan | Krishi Officer | 01-04-2019 | 13-10-2020 |
| സുചിത പി എസ് | കൃഷി ഓഫീസർ | 14-10-2019 | 31-03-2020 |
| മാത്യു പി സി | വി ഇ ഒ | 01-04-2019 | 31-03-2020 |
| മിനി മോൾ കെ എൻ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 31-03-2020 |
| ലളിത പി എസ് | ഐ സിഡിഎസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Marun Mathew (Asst. Audit Officer, On 16-03-2021)<br>Last Updated By: Marun Mathew (Asst. Audit Officer, On 31-03-2021) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Marun Mathew (Asst. Audit Officer, On 16-03-2021)<br>Last Updated By: Marun Mathew (Asst. Audit Officer, On 16-03-2021) | 1-2 |
| 3 | ഫണ്ട് വിനിയോഗം<br>Written By: Joseph Chacko (Asst. Audit Officer, On 16-03-2021)<br>Last Updated By: Marun Mathew (Asst. Audit Officer, On 31-03-2021) | 1-3 |
| 4 | പദ്ധതി അവലോകനം<br>Written By: Marun Mathew (Asst. Audit Officer, On 18-03-2021)<br>Last Updated By: Marun Mathew (Asst. Audit Officer, On 31-03-2021) | 1-4 |
| 5 | തൊഴിലുറപ്പ് പദ്ധതി<br>Written By: Marun Mathew (Asst. Audit Officer, On 18-03-2021)<br>Last Updated By: Marun Mathew (Asst. Audit Officer, On 31-03-2021) | 1-5 |
| 6 | ക്ഷേമ പദ്ധതികൾ<br>Written By: Marun Mathew (Asst. Audit Officer, On 16-03-2021)<br>Last Updated By: Marun Mathew (Asst. Audit Officer, On 31-03-2021) | 1-6 |
| 7 | ക്യാഷ് പരിശോധന ക്യാഷ് പരിശോധന ക്യാഷ് പരിശോധന ക്യാഷ് പരിശോധന<br>Written By: Marun Mathew (Asst. Audit Officer, On 18-03-2021)<br>Last Updated By: Marun Mathew (Asst. Audit Officer, On 31-03-2021) | 1-7 |
| 8 | ആഭ്യന്തരനിയന്ത്രണം<br>Written By: Marun Mathew (Asst. Audit Officer, On 18-03-2021)<br>Last Updated By: Marun Mathew (Asst. Audit Officer, On 31-03-2021) | 1-8 |
| 9 | വാർഷികകണക്കിലെ അപാകതകൾ<br>Written By: Joseph Chacko (Asst. Audit Officer, On 19-03-2021)<br>Last Updated By: Marun Mathew (Asst. Audit Officer, On 31-03-2021) | 1-9 |
| 10 | വാടക ഈടാക്കാൻ അവശേഷിക്കുന്നു<br>Written By: Eby Abraham (Senior Grade Auditor, On 20-03-2021)<br>Last Updated By: Marun Mathew (Asst. Audit Officer, On 31-03-2021) | 1-10 |
| 11 | വസ്തു നികുതി - നികുതി നിർണ്ണയിച്ചതിൽ കുറവ്<br>Written By: Eby Abraham (Senior Grade Auditor, On 18-03-2021)<br>Last Updated By: Marun Mathew (Asst. Audit Officer, On 31-03-2021) | 1-11 |
| 12 | തെരുവ് വിളക്കുകളുടെ പരിപാലനം-സർക്കാർ നിർദേശങ്ങൾ പാലിക്കുന്നില്ല.<br>Written By: Marun Mathew (Asst. Audit Officer, On 18-03-2021)<br>Last Updated By: Marun Mathew (Asst. Audit Officer, On 31-03-2021) | 1-12 |
| 13 | വാഹനം ഉപയോഗം സംബന്ധിച്ച്<br>Written By: Marun Mathew (Asst. Audit Officer, On 18-03-2021)<br>Last Updated By: Marun Mathew (Asst. Audit Officer, On 31-03-2021) | 1-13 |
| 14 | വാർഷിക പ്രൊക്യുയർമെന്റ് പ്ലാനിംഗ് നടത്തിയില്ല<br>Written By: Marun Mathew (Asst. Audit Officer, On 18-03-2021)<br>Last Updated By: Marun Mathew (Asst. Audit Officer, On 31-03-2021) | 1-14 |
| 15 | ലൈഫ് അവലോകനം<br>Written By: Anitta P Samuel (Asst. Audit Officer, On 18-03-2021)<br>Last Updated By: Marun Mathew (Asst. Audit Officer, On 31-03-2021) | 1-15 |
| 16 | വിവിധ വകുപ്പുകളിൽനിന്ന് ലഭിച്ച ഗ്രാന്റുകൾ ചെലവഴിക്കാതെ അവശേഷിക്കുന്നത്<br>Written By: Marun Mathew (Asst. Audit Officer, On 18-03-2021)<br>Last Updated By: Marun Mathew (Asst. Audit Officer, On 31-03-2021) | 1-16 |
| 17 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല ₹63755/-യുടെ ചെലവ് തടസ്സം<br>Written By: Marun Mathew (Asst. Audit Officer, On 18-03-2021)<br>Last Updated By: Marun Mathew (Asst. Audit Officer, On 31-03-2021) | 1-17 |
| 18 | എസ്.എസ്.എ).വിഹിതം ഒടുക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല. ₹700,000/-ചെലവ് തടസം<br>Written By: Marun Mathew (Asst. Audit Officer, On 18-03-2021)<br>Last Updated By: Marun Mathew (Asst. Audit Officer, On 31-03-2021) | 1-18 |
| 19 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല<br>Written By: R.Samuelraj (Senior Grade Auditor, On 19-03-2021)<br>Last Updated By: Marun Mathew (Asst. Audit Officer, On 31-03-2021) | 1-19 |
| 20 | പദ്ധതി ലക്ഷ്യം കൈവരിച്ചില്ല.തടസ്സം ₹2,42,856/-<br>Written By: R.Samuelraj (Senior Grade Auditor, On 19-03-2021)<br>Last Updated By: Marun Mathew (Asst. Audit Officer, On 31-03-2021) | 1-20 |
| 21 | ഏറ്റെടുത്ത പൊതുമരാമത്ത് പ്രവർത്തികൾ നടപ്പിലാക്കുന്നില്ല<br>Written By: R.Samuelraj (Senior Grade Auditor, On 19-03-2021)<br>Last Updated By: Marun Mathew (Asst. Audit Officer, On 31-03-2021) | 1-21 |
| 22 | 25 % ൽ അധികരിക്കുന്ന കുറഞ്ഞ ടെണ്ടറിന് പെർഫോമൻസ് ഗ്യാറന്റി ലഭ്യമാക്കിയിട്ടില്ല.<br>Written By: R.Samuelraj (Senior Grade Auditor, On 19-03-2021)<br>Last Updated By: Marun Mathew (Asst. Audit Officer, On 31-03-2021) | 1-22 |
| 23 | ഇ-ടെണ്ടർ ഫോം വില പഞ്ചായത്തിന് ലഭിച്ചിട്ടില്ല<br>Written By: R.Samuelraj (Senior Grade Auditor, On 19-03-2021)<br>Last Updated By: Marun Mathew (Asst. Audit Officer, On 31-03-2021) | 1-23 |
| 24 | മരുന്നുകൾ പൂർണ്ണമായും ലഭ്യമാകാത്തത് സംബന്ധിച്ച്<br>Written By: Anitta P Samuel (Asst. Audit Officer, On 20-03-2021)<br>Last Updated By: Marun Mathew (Asst. Audit Officer, On 31-03-2021) | 1-24 |
| 25 | സ്ഥലംമാറ്റ ശംബള മുൻകൂർ - ക്രമീകരിക്കാത്തത്<br>Written By: Joseph Chacko (Asst. Audit Officer, On 22-03-2021)<br>Last Updated By: Marun Mathew (Asst. Audit Officer, On 31-03-2021) | 1-25 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |

--- No Records Found ---

## ഭാഗം 4


| | | |
|---|---|---|
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Marun Mathew (Asst. Audit Officer, On 19-03-2021)<br>Last Updated By: Marun Mathew (Asst. Audit Officer, On 19-03-2021) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Marun Mathew (Asst. Audit Officer, On 20-03-2021)<br>Last Updated By: Marun Mathew (Asst. Audit Officer, On 20-03-2021) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Marun Mathew (Asst. Audit Officer, On 20-03-2021)<br>Last Updated By: Marun Mathew (Asst. Audit Officer, On 20-03-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്<br>Written By: Marun Mathew (Asst. Audit Officer, On 19-03-2021)<br>Last Updated By: Marun Mathew (Asst. Audit Officer, On 19-03-2021) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Marun Mathew (Asst. Audit Officer, On 19-03-2021)<br>Last Updated By: Marun Mathew (Asst. Audit Officer, On 19-03-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ<br>Written By: Marun Mathew (Asst. Audit Officer, On 19-03-2021)<br>Last Updated By: Marun Mathew (Asst. Audit Officer, On 19-03-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Marun Mathew (Asst. Audit Officer, On 19-03-2021)<br>Last Updated By: Marun Mathew (Asst. Audit Officer, On 19-03-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Marun Mathew (Asst. Audit Officer, On 19-03-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 29-03-2021) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Marun Mathew (Asst. Audit Officer, On 19-03-2021)<br>Last Updated By: Marun Mathew (Asst. Audit Officer, On 20-03-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Marun Mathew (Asst. Audit Officer, On 20-03-2021)<br>Last Updated By: Marun Mathew (Asst. Audit Officer, On 31-03-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകള്<br>Written By: Joseph Chacko (Asst. Audit Officer, On 22-03-2021)<br>Last Updated By: Marun Mathew (Asst. Audit Officer, On 31-03-2021) | 4-11 |


## അനുബന്ധം


| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |

# ഭാഗം -1

## 1-1 ബജറ്റ്.

സ്ഥാപനത്തിന്റെ ഓഡിറ്റ് വർഷത്തെ ബജറ്റ്28.2.19 ലെ 1(1 ) നം തീരുമാന പ്രകാരം ഭരണസമിതി അംഗീകരിച്ചിട്ടുണ്ട് .സ്ഥാപനത്തിന്റെ പുതുക്കിയ ബജറ്റ് 15.02.20 ലെ 1(1 ) നം തീരുമാന പ്രകാരം ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി11.1.19 ലെ 1നം തീരുമാന പ്രകാരം ബജറ്റ് തയ്യാറാക്കി അംഗീകരിച്ചിട്ടുണ്ട്. കേരള പഞ്ചായത്ത് രാജ് നിയമവും ചട്ടങ്ങളും 214(1) പ്രകാരം വികസന പദ്ധതികളുടെ ചെലവ് ഉൾപ്പെടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള വരവ് ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾക്കൊള്ളുന്ന ബജറ്റ് നിർദ്ദേശം ഓരോ സ്റ്റാൻഡിംഗ് കമ്മിറ്റികളും സെക്രട്ടറിയും മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരും നല്കുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ചുകൊണ്ട് തയ്യാറാക്കി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രസ്തുത നിർദ്ദേശങ്ങളെ പരിഗണിച്ചുകൊണ്ടാണ് ബജറ്റ് തയ്യാറാക്കേണ്ടത്. എന്നാൽ ഗ്രാമപഞ്ചായത്ത്ബജറ്റ് ത.യ്യാറാക്കുന്നതിനായി നിർവ്വഹണഉദ്യോഗസ്ഥരുടെ നിർദ്ധേശങ്ങൾ സ്വീകരിച്ചിട്ടുള്ളതായി കാണുന്നില്ല. പ്രസ്തുത രേഖ ഹാജരാക്കുവാൻ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറി നം 1 ന് മറുപടി നല്കിയിട്ടില്ല. .

സ്ഥാപനത്തിന്റെ നികതി നികതിയേതര വരവ് സംബന്ധിച്ച ബജറ്റ് എസ്റ്റിമേറ്റിന്റേയും യാഥാർത്തിലുള്ളതിന്റേയും വിശദാംശങ്ങൾ താഴെ ചേർക്കുന്നു

| ഇനം | ബജറ്റ് എസ്റ്റിമേറ്റ് | 2019-20പുതുക്കിയബജറ്റ് എസ്റ്റിമേറ്റ് | യഥാർത്ഥ വരുമാനം(ഇൻകം സ്റ്റേറ്റുമെന്റ് പ്രകാരം | വ്യതിയാനം |
|---|---|---|---|---|
| വസ്തു നികതി | 3000,000 | 3000,000 | 2383396 | 616,604 |
| തൊഴിൽ നികതി | 900,000 | 900,000 | 760250 | 140,000 |
| ആകെ | 3900,000 | 3900,000 | 3143,646 | 756604 |

നികതി വരവുകളുടെ ബജറ്റ് എസ്റ്റിമേറ്റും യഥാർത്ഥ ഉകയും തമ്മിൽ രൂ 756604യുടെ വ്യത്യാസം കാണുന്നു. യാഥാർത്യബോധത്തോടെയല്ല ബജറ്റ് തയ്യാറാക്കിയിട്ടുള്ളതെന്ന് ഈ കണക്കുകൾ സൂചിപ്പിക്കുന്നു.

സ്ഥാപനത്തിന്റെ നികതിയേതര വരവ് സംബന്ധിച്ച ബജറ്റ് എസ്റ്റിമേറ്റിന്റേയും യാഥാർത്തിലുള്ളതിന്റേയും വിശദാംശങ്ങൾ താഴെ ചേർക്കുന്നു

| ഇനം | ബജറ്റ് എസ്റ്റിമേറ്റ് | 2019-20പുതുക്കിയബജറ്റ് എസ്റ്റിമേറ്റ് | യഥാർത്ഥ വരുമാനം(ഇൻകം സ്റ്റേറ്റുമെന്റ് പ്രകാരം | വ്യതിയാനം |
|---|---|---|---|---|
| വാടക | 330,000 | 430000 | 307392 | 122608 |
| വിവിധ ഫീസുകൾ | 1875000 | 1500000 | 1326444 | 173556 |
| സെയിൽ $ ഹയർ ചാർജ് | 215000 | 215000 | 114686 | 100314 |
| പലിശ വരവ് | 300,000 | 400,000 | 235295 | 164705 |
| മറ്റ് വരവുകൾ | 145000 | 95000 | 476231 | 381231 |

| ഇനം | ബജറ്റ് എസ്റ്റിമേറ്റ് | 2019-20പുതുക്കിയബജറ്റ് എസ്റ്റിമേറ്റ് | യഥാർത്ഥ ചെലവ്(ഇൻകം സ്റ്റേറ്റുമെന്റ് പ്രകാരം | വ്യതിയാനം |
|---|---|---|---|---|
| ജിവനക്കാര്യത്തിലേക്കുള്ള ചെലവുകൾ | 12375000 | 10228000 | 9247047 | 980953 |
| ഭരണ ചെലവുകൾ | 1165000 | 1035000 | 816979 | 218021 |
| സംരക്ഷണവും നടത്തിപ്പും | 1050000 | 1205000 | 1121118 | 83882 |
| പലിശ അനുബന്ധ ചെലവുകൾ | 850000 | 12500 | 2012 | 10488 |

റവന്യൂ ചെലവുകൾബജറ്റ് എസ്റ്റിമേറ്റിനേക്കാൾ വളരെ കറവാണന്ന കാണുന്നു .ബജറ്റ് തയ്യാറാക്കിയതിലെ അപാകതയിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്..സ്ഥാപനത്തിന്റെ ഒരു വർഷത്തെ പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്ന ആധികാരിക രേഖയെന്ന നിലയിൽ ബജറ്റ് തയ്യാറാക്കുമ്പോൾ സ്ഥാപനം കൂടുതൽ ശ്രദ്ധ ചെലുത്തോണ്ടതാണന്ന് ഓഡിറ്റ് വിലയിരുത്തുന്നു

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 1.7.2020 | 21.5.2020 | - | - |

## 1-3 ഫണ്ട് വിനിയോഗം

| ഇനം | മുൻബാക്കി ₹ | തൻവർഷ വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|
| വികസനഫണ്ട് -പൊതുവിഭാഗം(ACR പ്രകാരം) | 0 | 10291941 | 10291941 | 7344607 | 2947334 |
| വികസനഫണ്ട് – എസ്.സി.പി.(ACR പ്രകാരം) | 0 | 3331588 | 3331588 | 2559976 | 771612 |
| വികസനഫണ്ട് – ടി.എസ്.പി.(ACR പ്രകാരം) | 0 | 2385294 | 2385294 | 1866035 | 519259 |
| കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ്(ACR പ്രകാരം) | 0 | 8554109 | 8554109 | 3968482 | 4585627 |
| മെയിന്റനൻസ് ഗ്രാന്റ് - റോഡ്(ACR പ്രകാരം) | 0 | 5493000 | 5493000 | 4692343 | 800657 |
| മെയിന്റനൻസ് ഗ്രാന്റ് - റോഡിതരം(ACR പ്രകാരം) | 0 | 3251000 | 3251000 | 2045609 | 1205391 |
| ബി-ഫണ്ട് | 0 | 641360 | 641360 | 641360 | 0 |
| കേന്ദ്രാവിഷ്കത ഫണ്ടുകൾ (ഇനം തിരിച്ച്) | | | | | |
| എൻ.ആർ.ഇ.ജി.എ. | 0 | 46000698 | 46000698 | 46000698 | 0 |
| എൻ.ആർ.ഇ.ജി.എ.(ഭരണ ചെലവുകൾ) | 6077 | 759761 | 765838 | 764494 | 1344 |
| കേന്ദ്ര ധനസഹായം - (TSC) | 2450256 | 157000 | 2607256 | 1549750 | 1057506 |
| ഐ.സി.ഡി.എസ്. | 817349 | 534387 | 1351736 | 500000 | 851736 |
| സംസ്ഥാനാവിഷ്കത ഫണ്ടുകൾ (ഇനം തിരിച്ച്) | | | | | |
| സാക്ഷരത | 3826 | 132 | 3958 | 0 | 3958 |
| പ്രത്യേക ഉദ്ദേശ ഗ്രാന്റ്എസ്.റ്റി. കോർപ്പസ് ഫണ്ട് | 1600000 | 0 | 1600000 | 807568 | 792432 |
| സംസ്ഥാന ഗ്രാന്റ് – ലൈഫ് പദ്ധതി | 0 | 7100000 | 7100000 | 6300000 | 800000 |
| കേരളോൽസവം | | 20000 | 20000 | 20000 | 0 |
| സംയുക്ത പദ്ധതി - ജില്ലാപഞ്ചായത്ത് | 6905 | 29501 | 36406 | 29501 | 6905 |
| സംയുക്ത പദ്ധതി - ബ്ലോക്ക് വിഹിതം | 0 | 1637000 | 1637000 | 1637000 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | 0 | 6839884 | 6839884 | 6839884 | 0 |

<u>കറിപ്പുകൾ</u> 1. മുൻവർഷ ഓഡിറ്റ് റിപ്പോർട്ടിൽ നീക്കിയിരിപ്പായി കാണിച്ചിരിക്കുന്നതും തൻവർഷ വാർഷിക പത്രികയിൽ ഉൾപ്പെടുത്താതിരുന്നതമായ ഉകകൾ സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം.2/16.3.21) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ തൻ വർഷ മുന്നിരിപ്പായി ഉൾപ്പടുത്തിയിട്ടില്ല.

2. വികസനഫണ്ട് –പൊതുവിഭാഗം, എസ്.സി.പി, ടി.എസ്.പി. എന്നിവയിലെ തുകകളും തൻവർഷ ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ തുകകളും പൊരുത്തപ്പെടുന്നില്ല. വിശദവിവരം ഖണ്ഡിക 1-9-ൽ കൊടുക്കുന്നു.

## 1-4 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 142 | 102320701 | 103 | 43545393 | 29 | 10 | 72.53 |

വാർഷിക പദ്ധതിയിലുൾപ്പെട്ട പ്രോജക്ടുകളുടെ നിർവ്വഹണത്തിന്റെ വിജയം കാര്യക്ഷമവും ഫലപ്രദവുമായ മോണിട്ടറിങ്ങ് സംവിധാനത്തിൽ അധിഷ്ഠിതമാണ്. പ്രോജക്ടുകളുടെ ആദ്യം മുതൽ അവസാനം വരെ പ്രോജക്ടുകളുടെ നിർവ്വഹണം വിഭാവനം ചെയ്തതരത്തിൽ തന്നെ പുരോഗമിക്കുന്നു എന്ന് ഉറപ്പാക്കുന്ന നിരന്തരമായ വിലയിരുത്തലും പരിശോധനയുമാണ് മോണിട്ടറിങ്ങിലൂടെ സാധ്യമാകുന്നത്. മോണിട്ടറിങ്ങ് നടത്തേണ്ട ഉത്തരവാദിത്തം അതാത് വർക്കിങ്ങ് ഗ്രൂപ്പുകൾക്കാണ്. ഓഡിറ്റ് വർഷത്തിൽ പഞ്ചായത്ത് നടപ്പിലാക്കിയിട്ടുള്ള പ്രോജക്ടുകൾ ഇത്തരത്തിൽ മോണിട്ടറിങ്ങിന് വിധേയമാക്കിയിട്ടില്ല. തുക വിനിയോഗിച്ചിട്ടുണ്ട് എന്ന സ്റ്റേറ്റ്മെന്റാണ് മേണിട്ടറിങ്ങ് റിപ്പോർട്ടായി പല പ്രോജക്ടുകളോടൊപ്പവും ചേർത്തിരിക്കുന്നത്. പ്രോജക്ടുകളുടെ ലക്ഷ്യം കൈവരിച്ചിട്ടുണ്ടോ എന്ന് ഒരു മോണിട്ടറിങ്ങ് സമിതിയും വിലയിരുത്തിയിട്ടില്ല.. വർക്കിങ്ങ് ഗ്രൂപ്പിന്റെയും മോണിറ്ററിങ്ങ് സമിതിയുടേയും പ്രവർത്തനം തൃപ്തികരമല്ല.

വർക്കിങ്ങ് ഗ്രൂപ്പുകൾ തങ്ങളുടെ അവകാശങ്ങളും ചുമതലകളും ഉൾക്കൊണ്ട് ചിട്ടയായ പ്രവർത്തനം നടത്തേണ്ടതാണ്.

തദ്ദേശസ്വയം ഭരണസ്ഥാപനങ്ങളിലെ പദ്ധതി ആസൂത്രണം, നിർവ്വഹണം, വിലയിരുത്തൽ എന്നീ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ആസൂത്രണ നിർവ്വഹണ പ്രക്രീയകളിലെ ജനപങ്കാളിത്തം ഉയർത്തുന്നതിനും ഭരണസമിതിയെ സഹായിക്കുന്നതിനായി പ്രസിഡണ്ട് ചെയർമാനും സെക്രട്ടറി കൺവീനറും ആസൂത്രണ പ്രക്രീയയിൽസഹായിക്കാൻ കഴിയുന്ന വിദഗ്ധഅംഗങ്ങളും സ്റ്റാന്റിംഗ് കമ്മറ്റി അംഗങ്ങളും വിദഗ്ധരായ സന്നദ്ധ സേവകരും ഉൾപ്പെടെ 12 അംഗങ്ങളുള്ള ഒരു ആസൂത്രണ സമിതി ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും രൂപീകരക്കേണ്ടതാണ് എന്ന മാർഗ്ഗരേഖാ നിർദ്ദേശം പാലിച്ചുകൊണ്ട് ആസൂത്രണസമിതി രൂപീകരിച്ചിട്ടുള്ളതും 2019-20ലെ വാർഷിക പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് ആസൂത്രണസമിതി യോഗം കൂടിയിട്ടില്ല. 28.01.2020 ൽ കൂടിയ യോഗത്തിൽ പദ്ധതിപുരോഗതി അവലോകനം നടത്തിയിരിക്കുന്നു. ഒരു തവണ മാത്രമാണ് യോഗംകൂടിയിട്ടുള്ളത്.

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 3 പ്രകാരം കുറഞ്ഞത് മൂന്ന് മാസത്തിലൊരിക്കലെങ്കിലും ഗ്രാമസഭ കൂടേണ്ടതാണ്. എന്നാൽഗ്രാമസഭാമിനിട്ട്സുകൾ പ്രകാരം 13 വാർഡുകളിലും 2019-20 വർഷം 2019നവംബർ മാസത്തിലും 2020 ഫെബ്രുവരി മാസത്തിലും ഓരോ ഗ്രാമസഭകൾ വീതം രണ്ട് തവണ മാത്രമാണ് കൂടിയിട്ടുള്ളത്. പഞ്ചായത്ത് രാജ് ചട്ടങ്ങളിൽ അനുശാസിക്കും പ്രകാരം ഗ്രാമസഭ കൂടാൻ ശ്രദ്ധിക്കേണ്ടതാണ്.

ഓഡിറ്റ് വർഷത്തിൽ ഗ്രാമപഞ്ചായത്ത് നൂതന പ്രോജക്ടുകൾ ഒന്നും നടപ്പിലാക്കിയിട്ടില്ല.സ്റ്റാറ്റസ് റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള ആവശ്യകത പദ്ധതി രൂപീകരണ ഘട്ടങ്ങളിൽ പരിഗണിക്കപ്പെട്ടിട്ടില്ല.വിവിധ ഫണ്ടുകളുടെ വിന്യാസം ലഭ്യത എന്നിവ കണക്കിലെടുത്തു കൊണ്ട് പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളിൽ ഭരണ-ഉദ്യോഗസ്ഥ തലങ്ങളിൽ കൂടുതൽ ശ്രദ്ധ ഊന്നേണ്ടതുണ്ട്

## 1-5 തൊഴിലുറപ്പ് പദ്ധതി

2019-20 വർഷം തോടു വൃത്തിയാക്കൽ, , കല്ലുകയ്യാല, ഭവന നിർമ്മാണം, റോഡ് നിർമ്മാണം ,ഭൂവികസനം ,തരിശുഭൂമി കൃഷിയോഗ്യമാക്കൽ തുടങ്ങിയ 460 പദ്ധതികൾക്കായി76896000/- അടങ്കലുള്ള ആക്ഷൻ പ്ലാൻ തയ്യാറാക്കി അംഗീകാരം നേടിയിരുന്നു. തൻ വർഷം 186പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്. വിവിധ പദ്ധതികളിലായി ആകെ 113284 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. 537 കുടുംബങ്ങൾ 100 തൊഴിൽ ദിനങ്ങൾ പൂര്‍ത്തിയാക്കിയിട്ടുണ്ട്. ആകെ 2863വീടുകളിലായി 6815 പേർക്ക് തൊഴിൽകാർഡ് നൽകിയിട്ടുണ്ട്.

2019-20 വർഷത്തെ വരവ് ചലവകണക്കുകൾ ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 6077 | 759761 | 765838 | 764494 | 1344 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | | 46000698 | 46000698 | 46000698 | |
| ആകെ | 6077 | 46760459 | 46766536 | 46765192 | 1344 |

## 1-6 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 15360 | 10 |
| കർഷകതൊഴിലാളി പെൻഷൻ | 606600 | 130 |
| വിധവാപെൻഷൻ | 2983800 | 480 |
| വാർദ്ധക്യകാലപെൻഷൻ | 5749,500 | 1029 |
| വികലാംഗപെൻഷൻ | 1066200 | 183 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 114000 | 19 |

## 1-7 ക്യാഷ് പരിശോധന ക്യാഷ് പരിശോധന ക്യാഷ് പരിശോധന ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.3.21 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 9053 രൂപയുടെക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു .

## 1-8 ആഭ്യന്തരനിയന്ത്രണം

ഓഫീസ് ക്രമീകരണം

ഓഫീസ് ക്രമീകരണത്തിന് വേണ്ടി ഓഫീസ് ഉത്തരവ് തയ്യാറാക്കി ജീവനക്കാരുടെ ജോലി വിഭജനം കൃത്യമായി നിർവ്വഹിച്ചിട്ടുണ്ട്. ഓഫീസ് മീറ്റിംഗ് എല്ലാ മാസവും കൃത്യമായി കൂടുന്നില്ല. സാമ്പത്തികവർഷത്തിൽ 5പ്രാവശ്യം മാത്രമാണ് മീറ്റിംഗ് കൂടിയിട്ടുള്ളത്. ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ പരിപാലിക്കുന്നുണ്ടെങ്കിലും രജിസ്റ്ററിൽ സൂപ്പർവൈസിംഗ് ഓഫീസർ എല്ലാ ദിവസവും സാക്ഷ്യപ്പെടുത്തൽ വരുത്തുന്നില്ല.

സ്ഥലംമാറിപ്പോകുന്ന ഉദ്യോഗസ്ഥർ ഫയലുകളും രേഖകളും കൈമാറ്റം ചെയ്യുന്നില്ല. തൻപതിവേട് യഥാവിധി പരിപാലിക്കുന്നില്ല

രജിസ്റ്ററുകളുടെ സൂക്ഷിപ്പ്

പൊതുമരാമത്ത് പ്രവർത്തികളുടെ കരാർ ഉടമ്പടി, ക്യാഷ്ബുക്ക്, ആസ്തിരജിസ്റ്റർ എന്നിവ കാലികമാക്കി പരിപാലിക്കുന്നില്ല.ആസ്തി രജിസ്റ്റർ സർക്കാർ സർക്കുലറിൽ നിർദ്ദേശിക്കും പ്രകാരം പരിപാലിക്കേണ്ടതാണ്

പൊതുടാപ്പുകളുടെയും തെരുവ് വിളക്കുകളുടെയും സംയുക്ത പരിശോധന നടത്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. വാങ്ങിയ സാധന സാമഗ്രികൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടെങ്കിലും കൈപ്പറ്റുന്ന ആളുടെ വിവരം രേഖപ്പെടുത്തുന്നില്ല. സെക്രട്ടറി സാക്ഷ്യപ്പെടുത്തൽ നടത്തുന്നില്ല.

തനതുവരുമാനം

നികുതി നികുതിയേതര വരുമാനങ്ങൾ വർദ്ധിക്കേണ്ടത് പഞ്ചായത്തിന്റെ സാമ്പത്തിക പുരോഗതിയുടെ അവശ്യ ഘടകമാണ്. ട്രേഡേഴ്സ് രജിസ്റ്റർ കാലികമാക്കി തയ്യാറാക്കി സൂക്ഷിക്കാത്തത് സ്ഥാപനത്തിന്റെ വരുമാന വർദ്ധനവിനെ ബാധിക്കുന്നു. വരവ് ചെലവ് കണക്കുകൾ ബജറ്റിന്റെ അടിസ്ഥാനത്തിൽ മോണിട്ടർ ചെയ്യുന്നില്ല. വരവുകൾ കൃത്യമായി തിട്ടപ്പെടുത്തുകയും ഈടാക്കുകയും ചെയ്യുന്നവെന്ന് ഉറപ്പ് വരുത്തുകയും കുടിശ്ശികകൾ ഈടാക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കുകയും ചെയ്യേണ്ടതാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി മാസാന്ത്യ വരവ് ചെലവു കണക്കുകൾ തയ്യാറാക്കിയിട്ടുണ്ട്. തനതുവരുമാനം വർദ്ധിപ്പിക്കുന്നതിന് പുതിയ നികുതി നിർദേശങ്ങളൊന്നും ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയിൽ ഉയർന്നു വന്നിട്ടില്ല.

ഗ്രാമസഭ

പ്രാദേശിക ആസൂത്രണത്തിന്റെ ജീവനാഡി എന്നത് ജനപങ്കാളിത്തമാണ്. ഗ്രാമസഭകൾ യോഗം ചേർന്ന് പ്രോജക്ട് നിർദ്ദേശങ്ങളുടെ മുൻഗണന നൽകേണ്ടതാണ്. പ്രവാസി മലയാളികൾ ഉൾപ്പെടെ പൊതുജനങ്ങളുടെ അഭിപ്രായം സ്വീകരിക്കുന്നതിന് ഗ്രാമപഞ്ചായത്തിന്റെ ഗ്രാമസഭാ വിൻഡോസൗകര്യം ലഭ്യമാക്കേണ്ടതാണ്. അതിൽനിന്നും ലഭിക്കുന്ന നിർദ്ദേശങ്ങൾക്ക് ഗ്രാമപഞ്ചായത്ത് അർഹായ പരിഗണന നൽകേണ്ടതാണ്.

സ്റ്റാൻഡിംഗ് കമ്മിറ്റികൾ ചേരുമ്പോൾ എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരെയും പങ്കെടുപ്പിച്ച് പ്രോജക്ടുകളുടെ പുരോഗതി വിലയിരുത്തേണ്ടതാണ്. ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയിൽ വസ്തുനികുതി പിരിവിലെ പുരോഗതി സംബന്ധിച്ചും ഓഡിറ്റ് ഒബ്ജക്ഷൻ ഒഴിവാക്കുന്നതിന് സ്വീകരിക്കേണ്ട നടപടികളെക്കുറിച്ചും ഫ്രണ്ട് ഓഫീസ് പ്രവർത്തനങ്ങളെക്കുറിച്ചും ചർച്ച ചെയ്യുന്നില്ല. വാർഷിക പദ്ധതിയുടെ നിർവ്വഹണ ഘട്ടത്തിൽ കാര്യക്ഷമമായ മോണിട്ടറിംഗ് സംവിധാനം നടപ്പിലാക്കുന്നില്ല.പഞ്ചായത്തിൽ 14 വിവിധ വർക്കിംഗ് ഗ്രൂപ്പുകൾക്ക് രൂപം നല്കിയിട്ടുണ്ടെങ്കിലും അവയൊന്നും തന്നെ ഫലപ്രദമായി പ്രവർത്തിക്കുന്നില്ല. പൊതുജനങ്ങളിൽ നിന്നും നിർദ്ദേശങ്ങൾ സ്വീകരിച്ച് പദ്ധതി ആസൂത്രണത്തിൽ ജനപങ്കാളിത്തം ഉറപ്പുവരുത്തുന്നതിനും പദ്ധതി രൂപീകരണ പ്രക്രിയയിൽ നവ മാദ്ധ്യമങ്ങളുടെ സാധ്യത പ്രയോജനപ്പെടുത്തുന്നതിനും ശ്രമിക്കേണ്ടതാണ്.

## 1-9 വാർഷികകണക്കിലെ അപാകതകൾ

മുൻ വർഷങ്ങളിൽ ലഭിച്ച തുകകളിൽ പൂർണ്ണമായി ചെലവഴിക്കാതെ അവശേഷിക്കുന്ന തുകകൾ സംബന്ധിച്ച് 2018-19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ (ഖണ്ഡിക 1-4, 1-10) പരാമർശിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത തുകകൾ 2019-20 വർഷത്തെ വാർഷികകണക്കിൽ മുന്നിരിപ്പായി ഉൾപ്പെടുത്തിയിട്ടില്ല. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഹെഡ് ഓഫ് അക്കൌണ്ട് | ഇനം | മുൻ വർഷങ്ങളിൽ ചെലവഴിക്കാതെ അവശേഷിച്ച തുക (2019-20-ൽ മുന്നിരിപ്പിൽ ഉൾപ്പെടുത്താത്തത്) |
|---|---|---|
| 320200316 | എം.എൽ.എ. ഫണ്ട് | 28356 |
| 320200322 | ശുചിത്വ മിഷൻ | 263485 |
| 320300103 | ടോട്ടൽ സാനിട്ടേഷൻ | 520057 |
| 320300199 | മറ്റ് ഗ്രാന്റുകൾ | 2950 |
| 320300399 | സംസ്ഥാന ഗ്രാന്റ് (1606000/- ൽ 1600000/- ഉൾപ്പെടത്തിയിട്ടുണ്ട്) | 6000 |
| 320700204 | ബ്ലോക്ക്പഞ്ചായത്ത് വിഹിതം | 854767 |
| | പാലിയേറ്റീവ് കെയർ പദ്ധതി (ചെലവഴിക്കാതെ അവശേഷിച്ചത്) | 104 |

പ്രസ്തുത തുകകൾ ചെലവഴിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദവിവരങ്ങളും, അല്ലാത്തപക്ഷം തുകകൾ ഏത് അക്കൗണ്ടിലാണ് നിക്ഷേപിച്ചിരിക്കുന്നതെന്നും അടിയന്തിരമായി അറിയിക്കേണ്ടതാണ്.

2. 2019-20 വർഷത്തെ വാർഷിക ധനകാര്യപത്രിക, ഗ്രാന്റ് സ്റ്റേറ്റ്മെന്റ് എന്നിവയിലെ തുകകളിൽ താഴെപ്പറയും പ്രകാരം വ്യത്യാസം വന്നിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിന്റെ പദ്ധതികളിൽ സർക്കാർ നിർദ്ദേശപ്രകാരമുള്ള പ്രോജക്ടുകളുടെ ചെലവുകൾ സുലേഖ ചെലവ് പത്രികയിൽ വരികയും, എന്നാൽ ആയത് വെബ് സാംഖ്യയിലും വാർഷിക പത്രികയിലും ചെലവ് പ്രതിഫലിക്കാതിരിക്കയും ചെയ്യുന്നതുമൂലമാണ് ഇപ്രകാരം സംഭവിക്കുന്നതെന്ന് ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി അറിയിച്ചിട്ടുണ്ട്. പ്രസ്തുത വിവരം വകുപ്പ്തല ശ്രദ്ധയിൽ കൊണ്ടുവരേണ്ടതും അപാകത പരിഹരിക്കേണ്ടതുമാണ്.

| ക്രമ നം. | ഫണ്ടിനം | വാർഷിക ധനകാര്യപത്രിക പ്രകാരം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് / സുലേഖ പത്രിക പ്രകാരം | വ്യത്യാസം |
|---|---|---|---|---|
| 1 | വികസന ഫണ്ട് (ജനറൽ) | 7344607 | 8241666 | 897059 |
| 2 | വികസന ഫണ്ട് (എസ്.സി.പി.) | 2559976 | 2589388 | 29412 |
| 3 | വികസന ഫണ്ട് (ടി.എസ്.പി.) | 1866035 | 1880741 | 14706 |

## 1-10 വാടക ഈടാക്കാൻ അവശേഷിക്കുന്നു

വാടക രജിസ്റ്റർ പരിശോധിച്ചതിൽ , ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള, III/316 കടമുറി ,ബിജു കുരുവിനാൻ ചാലിൽ എന്ന വ്യക്തി വാടകയ്ക്ക് എടുത്തിട്ടുള്ള മുറിയുടെ വാടക തൻ വർഷത്തിൽ ഈടാക്കിയിട്ടില്ല ,വിശദാംശങ്ങൾ ചുവടെ

| ക്രമ നം | വാടകക്കാരന്റെ പേര് | വാർഡ്/ നം | വാടക | കുടിശ്ശിക |
|---|---|---|---|---|
| 1 | ബിജു കുരുവിനാൻ ചാലിൽ | III/316 | 3150 + 567 ജി.എസ്.റ്റി * 12 | 37800 + 6804 = 44604 |

ഇതു സംബന്ധിച്ച എൻക്വയറി നം 9 ന് മറുപടിയിൽ ടിയാന് ആർ.ആർ നോട്ടീസ് അയച്ചിട്ടുണ്ട് എന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്.ആയതിന്റെ പുരോഗതി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്

## 1-11 വസ്തു നികുതി - നികുതി നിർണ്ണയിച്ചതിൽ കുറവ്

ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കുമുള്ള ലൈസൻസ് അപേക്ഷകർ തങ്ങളുടെ അപേക്ഷകളിൽ സമർപ്പിച്ചിരിക്കുന്ന വസ്തുതകൾ , സഞ്ചയയിലെ വസ്തുനികുതി നിർണ്ണയ രേഖകൾ അടിസ്ഥാനമാക്കി പരിശോധിച്ചതിൽ, യഥാർത്ഥത്തിൽ ഡിമാന്റ് ചെയ്യേണ്ട നികുതി നിരക്കിനേക്കാൾ കുറഞ്ഞ നിരക്കാണ് ഡിമാന്റ് ചെയ്തിരിക്കുന്നത്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | രജിസ്റ്ററിലെ നം | അപേക്ഷകന്റെ പേര് | വാർഡ്/ നം | ലൈസൻസ് ആവശ്യം | കെട്ടിടത്തിന്റെ വിസ്തീർണ്ണം, ച.മീ | നിർണ്ണയിച്ച നികുതി നിരക്ക്,₹ | ഗ്രാമപഞ്ചായത്ത് അംഗീകരിച്ച് വിജ്ഞാപനം ചെയ്തത് പ്രകാരം ബാധകമായ നിരക്ക്,₹ | നികുതി നിർണയിച്ച അർദ്ധവർഷം |
|---|---|---|---|---|---|---|---|---|
| 1 | 24 | മുഹമ്മദ് ഇസ്മായേൽ | III/292 | വളം ,കീടനാശിനി സ്റ്റോക്ക് & വിതരണം | 9 | 7 | 60 | 2013-14,I |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 2 | 51 | മനോജ് വർഗ്ഗീസ് | X/188 | മെഡിക്കൽ ഷോപ്പ് | 20 | 7 | 60 | 2013-14,I |
| 3 | 54 | ഉദയകുമാർ | X/180 | ഹയറിംഗ് സെന്റർ | 30 | 7 | 60 | 2013-14,I |
| 4 | 83 | പൊന്നി വി.എസ് | I/37 | ഓർഗാനിക് ഉൽപ്പന്നങ്ങൾ വിപണനം | 84 | 7 | 60 | 2013-14,I |
| 5 | 90 | സജിൻ വി ഉണ്ണികൃഷ്ണൻ | III/540 | ഗൃഹോപകരണങ്ങൾ വിൽപ്പന | 26 | 7 | 60 | 2013-14, I |
| 6 | 92 | റോബിൻജോൺ | XIII/348 | ലോഡ്ജിംഗ് | 620.61 | 7 | 30 | 2019-20,I |
| 7 | 101 | റോബിൻ കെ.എം. | I/427 | കശാപ്പുശാല | 140 | 7 | 60 | 2013-14,II |
| 8 | 114 | മായ ഗോപി | IX/3 | സ്റ്റേഷനറി | 53 | 7 | 60 | 2013-14,I |
| 9 | 125 | സിബി സേവ്യർ | III/80 | കറി പൗഡർ ഗോഡൗൺ | 65 | 7 | 60 | 2013-14,I |

നികുതി നിരക്കിൽ വ്യത്യാസമുള്ള കെട്ടിടങ്ങളുടെ നികുതി സഞ്ചയയിൽ കൃത്യമാക്കുകയും പഞ്ചായത്തിന് അർഹമായ നികുതി നഷ്ടമാകാതെ ഈടാക്കകയും ചെയ്യാൻ ശ്രദ്ധിക്കേണ്ടതാണ്. കൂടാതെ സഞ്ചയയിൽ നികുതി നിർണ്ണയം നടത്തിയിരിക്കുന്ന വിവിധ ഉപയോഗക്രമത്തിലുള്ള എല്ലാ കെട്ടിടങ്ങളുടെയും നികുതി നിരക്കുകൾ കൃത്യമായാണോ നിർണ്ണയിച്ചിരിക്കുന്നത് എന്ന് പരിശോധിക്കുകയും നിർണ്ണയിച്ചിരിക്കുന്ന നിരക്കുകളിൽ വ്യത്യാസമുണ്ടെങ്കിൽ കൃത്യമാക്കി വരുമാനചോർച്ച വരാതിരിക്കുവാൻ ശ്രദ്ധിക്കുകയും ചെയ്യേണ്ടതാണ്. ലൈസൻസ് അപേക്ഷകളിൽ അപേക്ഷകൻ രേഖപ്പെടുത്തിയിരിക്കുന്ന കെട്ടിടനമ്പർ കൃത്യമാണോ എന്നത് അന്വേഷണ റിപ്പോർട്ട് നല്കുന്ന ഉദ്യോഗസ്ഥനും സെക്ഷനും പരിശോധിക്കേണ്ടതാണ്. അല്ലാത്തപക്ഷം നികുതി നിരക്കിലെ വ്യത്യാസം മൂലം പഞ്ചായത്തിനുണ്ടാകുന്ന നഷ്ടം ഉത്തരവാദിയായവരിൽ നിന്നും ഈടാക്കേണ്ടതാണ്

## 1-12 തെരുവ് വിളക്കുകളുടെ പരിപാലനം-സർക്കാർ നിർദേശങ്ങൾ പാലിക്കുന്നില്ല.

ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജായി, 2019-20 സാമ്പത്തിക വർഷം ₹105823/- കേരള സംസ്ഥാന വിദ്യുഛക്തി ബോർഡ് ലിമിറ്റഡിൽ ഒടുക്കിയിട്ടുണ്ട്. . പഞ്ചായത്ത് ഡയറക്ടറുടെ 17.08.2015ലെ ജി2-44274/2015 ഉത്തരവ് പ്രകാരം തെരുവ് വിളക്കുകൾ വാങ്ങുമ്പോൾ രേഖപ്പെടുത്തുന്നതിന് സ്റ്റോക്ക് രജിസ്റ്റർ, കേടായ സാധനങ്ങൾ രേഖപ്പെടുത്തുന്നതിനായി രജിസ്റ്റർ ഓഫ് അൺ സർവ്വീസബിൾ ഐറ്റംസ്, അറ്റകുറ്റപ്പണികൾ നടത്തുന്നതിന് മെയിന്റനൻസ് രജിസ്റ്റർ എന്നീ രജിസ്റ്ററുകൾ പരിപാലിക്കണമെന്ന് നിർദേശിച്ചിട്ടുണ്ട്. വാർഡ് തലത്തിൽ മെമ്പർ ചെയർമാനായ മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കണമെന്നും കമ്മിറ്റി മൂന്ന് മാസത്തിലൊരിക്കൽ യോഗം ചേർന്ന് തെരുവ് വിളക്കുകളുടെ പ്രവർത്തനം അവലോകനം ചെയ്യേണ്ടതും ആവശ്യമായ നിർദേശങ്ങൾ നൽകേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 07.07.2010ലെ 43472/ഡി.സി.3 സർക്കുലർ പ്രകാരം ഓരോ മീറ്ററിംഗ് പോയിന്റിനും പ്രത്യേക കൺസ്യൂമർ നമ്പർ നൽകണമെന്നും നിർദേശിച്ചിട്ടുണ്ട്. എന്നാൽ, ഗ്രാമപഞ്ചായത്തിൽ തെരുവ് വിളക്കുകൾ വാങ്ങുമ്പോൾ രേഖപ്പെടുത്തുന്ന സ്റ്റോക്ക് രജിസ്റ്റർ ഒഴികെ മറ്റ് രജിസ്റ്ററുകൾ പരിപാലിക്കുന്നില്ല. കൂടാതെ, മോണിറ്ററിംഗ് സമിതികളും രൂപീകരിച്ചിട്ടില്ല. രജിസ്റ്ററുകൾ പരിപാലിക്കുന്നതിനും കെ.എസ്.ഇ.ബി ലിമിറ്റഡുമായി ചേർന്ന് സർക്കാർ നിർദേശങ്ങൾ പാലിച്ച് സംയുക്ത പരിശോധന നടത്തുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. തെരുവ് വിളക്കുകളുടെ പരിപാലനം സംബന്ധിച്ച തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 16.09.2011 ലെ 3055/ഡി.എ.3/2011,9.05.2018ലെ 269/ഡി.എ.3/2018 സർക്കുലറുകളിലെ നിർദേശങ്ങൾ പാലിക്കേണ്ടതാണ്. പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ഇക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-13 വാഹനം ഉപയോഗം സംബന്ധിച്ച്

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെ എൽ 37 B-8137നം ബൊലോറോ ജീപ്പിന് സഉ (എം എസ് ) നം 170/07 തസ്വഭവ തിയതി 30.06.07 പ്രകാരം സൂക്ഷിക്കേണ്ട പ്രധാനപ്പെട്ട രജിസ്റ്ററുകളായ ഇന്ധന ഓർഡർ ബുക്ക്, റിപ്പയർ രജിസ്റ്റർ ,സ്റ്റോക്ക് രജിസ്റ്റർ, ഇന്ധനത്തിന്റെയും എണ്ണയുടെയും ഉപയോഗം കാണിക്കുന്ന ഫ്യൂവൽ രജിസ്റ്റർ എന്നി രജിസ്റ്ററുകൾ പരിപാലിക്കുന്നില്ല. പ്രസ്തുത വാഹനങ്ങളുടെ ചെലവ് സംബന്ധിച്ച റിപ്പാർട്ട് ഓരോ അർദ്ധവർഷാരംഭത്തിലും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിക്ക് മുൻപാകെ സമർപ്പിക്കേണ്ടതാണെങ്കിലും അപ്രകാരം സമർപ്പിച്ചിട്ടുള്ളതായി കാണുന്നില്ല. ലോഗ് ബുക്ക് എഴുതുന്നുണ്ടെങ്കിലും കസ്റ്റോഡിയൻ ഓഫീസർ ലോഗ് ബുക്ക് പരിശോധിച്ച് വാഹന ഉപയോഗം ക്രമപ്രകാരമാണോയെന്ന്ഉറപ്പുവരുത്തിയിട്ടില്ല.വാഹനത്തിൽ ഇന്ധനം നിറക്കുന്ന സാഹചര്യത്തിൽ ഹാജരായിരുന്ന ഉദ്യോഗസ്ഥന്റെ പേര്, ഉദ്ധ്യോഗപ്പേര്, ഒപ്പ് എന്നിവ ലോഗ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. ടാങ്കിൽ പൂർണ്ണമായും ഇന്ധനം നിറച്ച കഴിയുമ്പോൾ വാഹനം ഓടിയ ദൂരവും വീണ്ടും നിറക്കുന്നതിനുള്ള ഇന്ധനത്തിന്റെ അളവും കണക്കിലെടുത്ത്ഒരുകിലോമീറ്ററിനുള്ളഇന്ധനത്തിന്റെഅളവ്കണക്കാക്കേണ്ടതുംഉപയോഗത്തിലുള്ളവ്യതിയാനംനിരീക്ഷണവിധേയമാക്കേണ്ടതുമാണ്.എന്നാൽ ഇപ്രകാരം ചെയ്തിട്ടുള്ളതായി കാണുന്നില്ല .അപാകത പരിഹരിക്കേണ്ടതാണ്

## 1-14 വാർഷിക പ്രൊക്യൂയർമെന്റ് പ്ലാനിംഗ് നടത്തിയില്ല

സർക്കാർ ഉത്തരവ് ജി(ഒ പി)259/2010/എൽ.എസ്.ജി.ഡി തിയതി 08.10.2010പ്രകാരം സാധനസാമഗ്രികളും സേവനങ്ങളും തദ്ദേശസ്ഥാപനങ്ങൾ സമാഹരിക്കുന്നതിന്റെ പ്രഥമ നടപടിയായി ഓരോ തദ്ദേശസ്ഥാപനവും അതിന്റെ അനുബന്ധസ്ഥാപനങ്ങളും ഒരു സാമ്പത്തിക വർഷം സമാഹരിക്കുവാൻ ഉദ്ദേശിക്കുന്ന മൊത്തം സാധനസാമഗ്രികളുടെയും സേവനങ്ങളുടെയും വാർഷികപ്രൊക്യൂയർമെന്റ് പ്ലാനിംഗ് സാമ്പത്തിക വർഷാരംഭത്തിന് മുമ്പായി പ്രൊക്യൂയർമെന്റ് കമ്മിറ്റി രൂപീകരിച്ച് തയ്യാറാക്കേണ്ടതാണ്. അപ്രകാരം ചെയ്യുമ്പോൾ സമാഹരിക്കുന്നതിന്ഉദ്ദേശിക്കുന്ന സാധന സാമഗ്രികളുടെയും സേവനങ്ങളുടെയും ആവശ്യകതയും പ്രായോഗികതയും ഉപയോഗ തുടർച്ചയും മുൻഗണനയും കാര്യക്ഷതയും പൂർണ്ണമായി ഉറപ്പാക്കുകയും ചെയ്യേണ്ടതാകുന്നു എന്ന് ഉത്തരവ് നിഷ്കർഷിക്കുന്നു.എന്നാൽരേഖകൾ പരിശോധിച്ചതിൽ പഞ്ചായത്തും അതിന്റെ അനുബന്ധ സ്ഥാപനങ്ങളും സമാഹരിക്കുവാൻ മൊത്തം സാധനസാമഗ്രികളുടെയും സേവനങ്ങളുടെയും വാർഷികപ്രൊക്യൂയർമെന്റ് പ്ലാനിംഗ് തൻ വർഷം തയ്യാറാക്കിയിട്ടില്ല. ആയത് തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-15 ലൈഫ് അവലോകനം

1. സാമ്പത്തിക വിശകലനം

| | വിഭാഗം | മുൻബാക്കി,₹ | വരവ്,₹ | ആകെ,₹ | ചെലവ്,₹ | ബാക്കി,₹ |
|---|---|---|---|---|---|---|
| പ്ളാൻ | ജനറൽ | - | 22,50,000/- | 22,50,000/- | 22,50,000/- | 0 |
| | എസ്.സി.പി | - | 4,00,000/- | 4,00,000/- | 50,000/- | 3,50,000/- |
| | എസ്.റ്റി | - | 2,50,000/- | 2,50,000/- | 1,80,000/- | 70,000/- |
| കേന്ദ്രം | | - | - | - | - | - |
| സംസ്ഥാനം | | 40,000/- | 89,00,000/- | 89,40,000/- | 69,50,000/- | 19,90,000/- |
| ലോൺ | | - | 89,60,000/- | 89,60,000/- | 86,91,423/- | 2,68,577/- |

2)വീട് നിർമ്മാണത്തിന്റെ വിശദാംശങ്ങൾ

| | |
|---|---|
| കരാർ വെച്ചവർ | 81 |
| ബേസ് മെന്റ് | 0 |

| | |
|---|---|
| ലിന്റൽ | 1 |
| മേൽക്കൂര | 0 |
| പണി പൂർത്തിയാക്കിയത് | 80 |
| പണി തുടങ്ങാത്തത് | 0 |

**1-16 വിവിധ വകുപ്പുകളിൽനിന്ന് ലഭിച്ച ഗ്രാന്റുകൾ ചെലവഴിക്കാതെ അവശേഷിക്കുന്നത്**

വിവിധ വകുപ്പുകളിൽനിന്ന് ലഭിച്ച ഗ്രാന്റുകൾ ചെലവഴിക്കാതെ അവശേഷിക്കുന്നതായി 2019-20ലെ ബാലൻസ് ഷീറ്റിൽ B-4 ഷെഡ്യൂളിൽ കാണുന്നു. വിശദവിവരം ചുവടെചേർക്കുന്നു.

| ക്രമ നം. | അക്കൗണ്ട് ഹെഡ് | ഇനം | B-4 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|
| 1 | 320100115 | സംപൂർണ്ണ ശുചിത്വം | 1057506 |
| 2 | 320100121 | ഐ സി ഡി എസ് കേന്ദ്ര വിഹിതം | 851736 |
| 3 | 320200309 | സാക്ഷരത ഗ്രാന്റ് | 3958 |
| 4 | 320200399 | കോർപ്പസ് ഫണ്ട് | 792432 |
| 5 | 320400199 | ലൈഫ് സംസ്ഥാന വിഹിതം | 800,000 |
| 6 | 320700205 | സംയുക്ത പദ്ധതി ജില്ലാപഞ്ചായത്ത് വിഹിതം | 6905 |

ബാലൻസ് നില്ക്കുന്ന തുകകൾ യഥാസമയം ചെലവഴിക്കുകയോ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാത്ത പക്ഷംതിരിച്ചടയ്ക്കുകയോ ചെയ്യേണ്ടതാണ്

**1-17 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല ₹63755/-യുടെ ചെലവ് തടസ്സം**

| | |
|---|---|
| നിർവ്വഹണം | സെക്രട്ടറി |
| പദ്ധതി നമ്പർ | 2/20 |
| പദ്ധതി | ഐ കെ എം വിഹിതം അടയ്ക്കൽ |
| ബിൽനം തീയതി | 6/2019-20തീയതി 30.07.2019 |
| തുക | ₹63755/- |

ഐ കെ എം വിഹിതം അടയ്ക്കൽ എന്ന പദ്ധതിയിൽപ്പെടുത്തി പഞ്ചായത്ത് വിഹിതമായി ₹63755/- ഇൻഫർമേഷൻ കേരള മിഷന്റെ അക്കൗണ്ട് നമ്പരിലേയ്ക്ക് 57047023512 നിക്ഷേപിച്ചിട്ടുണ്ട്. തുക ചെലവഴിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ ₹63755/- യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഇൻഫർമേഷൻ കേരള മിഷനിൽനിന്നും വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

**1-18 എസ്.എസ്.എ.വിഹിതം ഒടുക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല. ₹700,000/-ചെലവ് തടസം**

| | |
|---|---|
| പ്രൊജക്ട് വിശദാംശങ്ങൾ | 3/20 എസ് എസ് എ വിഹിതം ജനറൽ 100000<br>ബിൽ നം.10/19-20 തീയതി. 17.08.2020തുക ₹100,000/-<br>4/20 എസ് എസ് എ വിഹിതം എസ് സി പി 100000<br>ബിൽ നം.9/19-20 തീയതി. 17.08.2020തുക ₹100,000/-<br>5/20 എസ് എസ് എ വിഹിതം ടി എസ് പി 500000<br>ബിൽ നം.8/19-20 തീയതി. 17.08.2020തുക ₹500,000/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി 2019-20 വർഷം എസ്.എസ്.എ.വിഹിതം ഒടുക്കുന്നതിലേക്കായി പ്രോജക്ടുകൾ ആവിഷ്കരിക്കുകയും ₹700,000/- എസ്.എസ്.എ. പ്രോജക്ട് ഓഫീസർക്ക് നൽകുകയും

ചെയ്തിട്ടുണ്ട്. എന്നാൽ തൻവർഷം ചെലവഴിക്കാനുദ്ദേശിക്കുന്ന തുക, പ്രവർത്തന ഉദ്ദേശ്യങ്ങൾ എന്നിവ വ്യക്തമാക്കുകയോ പ്രസ്തുത ചെലവിന് ആനുപാതികമായി പഞ്ചായത്ത് ഒടുക്കേണ്ട തുകയുടെ കൃത്യത വ്യക്തമാക്കുകയോ ചെയ്തിട്ടില്ല.ആകെ പ്രതീക്ഷിത ചെലവ്, ആനുപാതികമായി പഞ്ചായത്ത് ഒടുക്കേണ്ട തുക എന്നിവ വ്യക്തമാക്കിയ ഡിമാന്റ് നോട്ടീസിന്റെ അഭാവത്തിൽ ഗ്രാമപഞ്ചായത്ത് ചെലവഴിച്ച തുക സർക്കാർ ഉത്തരവിൽ അനുശാസിക്കും പ്രകാരമുള്ള നിരക്കിലാണോ എന്നത് വ്യക്തമല്ല. ഡിമാന്റ് നോട്ടീസിൽ ആവശ്യപ്പെട്ട രീതിയിലും അനുപാതത്തിലും തുക ചെലവഴിച്ചു എന്നതിനുള്ള വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ ₹700,000/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-19 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല**

ഗ്രാമപഞ്ചായത്തിന്റെ സ്ഥാവര-ജംഗമ ആസ്തികൾ കൃത്യമായി ക്രോഡീകരിച്ച് സൂക്ഷിക്കുവാനും യഥാകാലം കൂട്ടിച്ചേർക്കലുകൾ നടത്തി സമഗ്രമാക്കാനും സർക്കാർ അനേകം ഉത്തരവുകളിലൂടെ കർശന നിർദ്ദേശങ്ങൾ നൽകിയിട്ടും അത് നാളിതുവരെ നടപ്പായിട്ടില്ല. 2012-13 മുതൽ അതാത് വർഷം ആർജ്ജിക്കുന്ന ആസ്തികളുടെ വിവരങ്ങൾ സാംഖ്യയിൽ ഉൾപ്പെടുത്തി വരുന്നതായാണ് അധികൃതർ അറിയിച്ചത്. ഭാഗികമായ ഇത്തരം രേഖപ്പെടുത്തലുകൾ കണക്കുകളുടെ പൂർണതയ്ക്ക് പര്യാപ്തമല്ലാത്തതിനാൽ ഉടക്കം മുതൽ പഞ്ചായത്ത് കരസ്ഥമാക്കിയ ആസ്തികളുടെ കൃത്യമായ വിവരങ്ങൾ ശേഖരിച്ച് അധികൃതമാക്കി സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

**1-20 പദ്ധതി ലക്ഷ്യം കൈവരിച്ചില്ല.തടസ്സം ₹2,42,856/-**

| | |
|---|---|
| പദ്ധതി നം.പദ്ധതി | 113/19-20-ആലഡി പി.എച്ച്.സി മെയിന്റനൻസ് (സ്പിൽ ഓവർ) |
| നിർവ്വഹണ ഉദ്യോഗസ്ഥ | അസി.എഞ്ചിനിയർ |
| അടങ്കൽ തക ₹ | 3,70,000/- |
| ബിൽ നം- തിയതി | 6/2019-20- ₹2,42,856/- തി-30.04.2019 (പാർട്ട് ബിൽ) |
| എം ബുക്ക് നം | 22,528 |
| കരാറുകാരൻ | പി.എ ഷാജി |

അസി.എഞ്ചിനിയർ നടപ്പിലാക്കിയ ആലഡി പി.എച്ച്.സി മെയിന്റനൻസ് പദ്ധതി നിർവ്വഹണത്തിനായി മേൽ സൂചിത പാർട്ട് ബിൽ പ്രകാരം പിൻവലിച്ച ₹2,42,856/- ചെലവാക്കിയിട്ടുണ്ട്.എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്ന വാട്ടർ ടാങ്കിന്റെ ബെയിസ് ഒഴിവാക്കി പി.എച്ച്.സി യുടെ പരിസരത്ത് പേവിംഗ് ബ്ലോക്ക് വിരിക്കുന്ന ഇനം ഉൾപ്പടുത്തി അടങ്കലിൽ അധികരിക്കാതെ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി സ്പിൽ ഓവറായി പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു

1)എം ബുക്ക് പ്രകാരം,റിവൈസ്ഡ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ പേവിംഗ് ബ്ലോക്ക് വിരിക്കുന്ന ഇനം നടപ്പാക്കിയിട്ടില്ല.

2)₹6223/-റീടെൻഷൻ തുകയായി പിടിച്ചിരുന്നുവെങ്കിലും പദ്ധതി സ്പിൽ ഓവറാക്കുകയോ തുടർ നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല.

3)പദ്ധതി നിർവ്വഹണത്തിനായി 17.9.2018 ൽ കരാറുകാരന് സ്ഥലം വിട്ട് നൽകിയെങ്കിലും പണി പൂർത്തികരിച്ചത് 24.1.2019 ൽ മാത്രമാണ്.

4)2019-20 വർഷത്തിൽ ₹2,42,856/- കെട്ടിട അറ്റകുറ്റപ്പണിക്കായി ചെലവാക്കിയിട്ടുണ്ടെങ്കിലും നിലവിൽ ₹ 50 ലക്ഷം എം.എൽ .എ ഫണ്ടിൽ വകയിരുത്തി പഴയ കെട്ടിടം പൊളിച്ച് മാറ്റി പി.എച്ച്.സി ക്ക് പുതിയ കെട്ടിടം നിർമ്മിക്കുവാൻ ആസൂത്രണം ചെയ്തിട്ടുള്ളതായി അസി.എഞ്ചിനിയർ അറിയിച്ചു.പദ്ധതി ആസൂത്രണത്തിലെ പിഴവാണ് അറ്റകുറ്റപ്പണിക്കായി ചെലവാക്കിയ തുക പാഴ്ചെലവാകാനിടയായത്.

മേൽ അപാകതകളുടെ അടിസ്ഥാനത്തിൽ പദ്ധതിക്കായി ചെലവാക്കിയ ₹2,42,856/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-21 ഏറ്റെടുത്ത പൊതുമരാമത്ത് പ്രവർത്തികൾ നടപ്പിലാക്കുന്നില്ല

സ്ഥാപനത്തിന്റെ അധികാരമേഖലയിൽപ്പെടുന്ന വിവിധ മേഖലകളിലെ വികസനാവശ്യങ്ങൾ നിറവേറ്റുന്നതിന് ഓഡിറ്റ് വർഷത്തിൽ ആകെ 68 പുതിയ പ്രൊജക്ടുകൾ പൊതുമരാമത്ത് മേഖലയിൽ അസി.എഞ്ചിനീയർ അംഗീകാരം വാങ്ങിയിട്ടുണ്ട്. മുൻ വർഷങ്ങളിലെ സ്പിൽ ഓവർ പ്രൊജക്ടുകൾ കൂടി പരിഗണിക്കുമ്പോൾ ആകെ പ്രൊജക്ടുകളുടെ എണ്ണം 88 ആണ് . ഇവ നിർവ്വഹിക്കുന്നതിന് വിവിധ ഫണ്ടുകളിൽ നിന്നായി വകയിരുത്തിയ 2.73 കോടി രൂപയിൽ 1.31 കോടി രൂപ മാത്രമാണ് ഓഡിറ്റ് വർഷത്തിൽ ചെലവഴിക്കാനായത്. പുതിയ പ്രൊജക്ടുകളിൽ 31 എണ്ണം നടപ്പാക്കിയില്ല.വകയിരുത്തിയതിൽ വിനിയോഗിക്കാൻ കഴിയാതെ വന്ന 1.42 കോടി രൂപയിൽ 25ലക്ഷം രൂപ വികസനഫണ്ട്(പൊതുവിഭാഗം),4.35ലക്ഷം രൂപ വികസനഫണ്ട്(SCP),ധനകാര്യ കമ്മീഷൻ ഗ്രാന്റ് (49.18 ലക്ഷം), മെയിന്റനൻസ് ഗ്രാന്റ് റോഡിതരം (12.95ലക്ഷം) മെയിന്റനൻസ് ഗ്രാന്റ് റോഡ് (18.30ലക്ഷം) എന്നീ ഇനങ്ങളിലായി സ്ഥാപനത്തിന് നഷ്ടപ്പെട്ടിരിക്കുകയാണ്. ഇങ്ങനെ 1.15കോടി രൂപയുടെ നഷ്ടം കണക്കാക്കിയത് തൻവർഷ അലോട്ട് മെന്റിനൊപ്പം സ്പിൽ ഓവർ ബാധ്യത നിറവേറ്റുന്നതിന് ആവശ്യാനുസരണം സർക്കാർ അനുവദിക്കുന്നതുകൂടി പരിഗണിച്ചാണ്.ഇങ്ങനെ 1.42കോടി രൂപ നഷ്ടപ്പെടുത്തിയതിൽ പ്രധാനപങ്ക് വഹിച്ചത് മരാമത്ത് മേഖലയിലെ നിർവ്വഹണവീഴ്ചയാണെന്നത് പ്രത്യേക ശ്രദ്ധയാകർഷിക്കുന്നു. പ്രധാനമായും ആസൂത്രണത്തിലൂടെ ലക്ഷ്യം വച്ച വികസന തലവും നിർവ്വഹണാനന്തരമുള്ള മേൽസ്ഥിതിവിശേഷവും തമ്മിലുള്ള വൻവിടവ് , നിർവ്വഹണത്തിലെ സമയബന്ധിതമായ പ്രവർത്തനങ്ങളുടെ അഭാവത്താൽ സൃഷ്ടിക്കപ്പെട്ടതാണെന്ന് രേഖകൾ വ്യക്തമാക്കുന്നു.

പ്രൊജക്ടുകളുടെ അംഗീകാരം മുതൽ സാമ്പത്തീക വർഷാവസാനം പ്രൊജക്ടുകളുടെ നിർവ്വഹണം വരെയുള്ള വിവിധ ഘട്ടങ്ങളിൽ വന്ന കാലതാമസം തുക നഷ്ടപ്പെടുന്നതിന് കാരണമായിട്ടുണ്ട്.കൂടാതെ പ്രൊജക്ടുകളുടെ ആധിക്യം ,കുറഞ്ഞ അടങ്കലുള്ള പ്രവൃത്തികൾ എന്നിവയും നിർവ്വഹണപുരോഗതിയ്ക്ക് തടസ്സമായി.ഒരു റോഡിന്റെ മുഴുവൻ ഭാഗവും ഉൾപ്പെടുത്തി പ്രവൃത്തികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിന് പകരം റോഡിന്റെ വളരെ കുറഞ്ഞ ഭാഗം മാത്രമെ പദ്ധതിയിൽ ഉൾപ്പെടുത്തുന്നുള്ളൂ. ബാക്കി വരുന്ന ഭാഗം തുടർ വർഷങ്ങളിൽ പുതിയ പ്രൊജക്ടായി നടപ്പാക്കുന്ന പ്രവണതയാണ് സ്ഥാപനത്തിലുള്ളത്. ഇത് മൂലം 5 ലക്ഷത്തിൽ താഴെ അടങ്കൽ തുകകളുള്ള പദ്ധതികളാണ് ആസൂത്രണം ചെയ്യപ്പെടുന്നത്. ചെറിയ പദ്ധതികളായതിനാൽ ടെണ്ടറിൽ കരാറുകാരുടെ പങ്കാളിത്തം കുറയുന്നതിനും മത്സര സ്വഭാവം നഷ്ടപ്പെടുന്നതിനും കാരണം. സ്ഥാപനത്തിലെ കഴിഞ്ഞ 3 വർഷത്തെ ടെണ്ടർ രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും സ്ഥിരം കരാറുകാരാണ് പഞ്ചായത്തിലെ പ്രവൃത്തകൾ നിർവ്വഹിക്കുന്നതെന്നത് ബോധ്യപ്പെട്ടിട്ടുണ്ട്.

പ്രൊജക്ടുകളുടെ ആസൂത്രണത്തിനും സമയബന്ധിതമായ നിർവ്വഹണം ഉറപ്പുവരുത്തുന്നതിനും ഉത്തരവാദപ്പെട്ട വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എല്ലാ മാസവും യോഗം ചേരുന്നുണ്ടെങ്കിലും നടപടിക്രമങ്ങളുടെ പുരോഗതി വിലയിരുത്തി സാമ്പത്തീകവർഷത്തിനുള്ളിൽ നിർവ്വഹണം സാധ്യമാകുംവിധം ഇടപെടലുകൾ നടത്താനായിട്ടില്ല.കരാറുകാരുടെ യോഗം വിളിച്ചുചേർത്ത് നിർവ്വഹണം വേഗത്തിലാക്കാനും സമയപരിധി നിർദ്ദേശിക്കുന്നതിനും കമ്മിറ്റി ശ്രമിച്ചിട്ടില്ല. നിർവ്വഹണത്തിന് തടസ്സങ്ങളുണ്ടെങ്കിൽ കാരണങ്ങൾ പരിശോധിച്ച് പരിഹാരം നിർദ്ദേശിക്കുവാനും ശ്രമം നടന്നിട്ടില്ല.ഡി പി സി അംഗീകാരം മുതൽ പ്രൊജക്ടുകളുടെ നിർവ്വഹണം വരെയുള്ള വിവിധ ഘട്ടങ്ങളിൽ നിരന്തരമായി ഇടപെട്ടിരുന്നെങ്കിൽ മേല്പറഞ്ഞതരത്തിലുള്ള കാലവിളംബവും അതുവഴിയുള്ള ധനനഷ്ടവും ഒഴിവാക്കാമായിരുന്നു.നിർവ്വഹണ ഉദ്യോഗസ്ഥനും ബന്ധപ്പെട്ട സംവിധാനങ്ങൾക്കുമുണ്ടായിട്ടുള്ള മേല്പറഞ്ഞ വീഴ്ചകൾക്ക് അഭിപ്രായവും വിശദീകരണവും നല്കേണ്ടതാണ്.

## 1-22 25 % ൽ അധികരിക്കുന്ന കുറഞ്ഞ ടെണ്ടറിന് പെർഫോമൻസ് ഗ്യാരന്റി ലഭ്യമാക്കിയിട്ടില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 196 ,പദ്ധതി രൂപികരണ മാർഗ്ഗ രേഖ സ.ഉ(കൈ) നം.11/2018 ത.സ്വ.ഭ.വ തിയതി 29.1.2018,സബ്സിഡി മാർഗ്ഗരേഖ സ.ഉ(കൈ) നം.22/2018 ത.സ്വ.ഭ.വ തിയതി 14.2.2018, എന്നിവ പ്രകാരം 25 % ൽ അധികരിക്കുന്ന കുറഞ്ഞ ടെണ്ടർ സമർപ്പിക്കുന്ന കരാറുകാരിൽ നിന്ന് പെർഫോമൻസ് ഗ്യാരന്റി ലഭ്യമാക്കി മാത്രമേ പ്രവൃത്തികൾ നടപ്പിലാക്കുവാൻ അനുവദിക്കാവു എന്ന് നിർദ്ദേശിച്ചിരിക്കെ താഴെ പറയുന്ന പ്രവൃത്തികൾ നടപ്പിലാക്കിയ കരാറുകാരിൽ നിന്നും പെർഫോമൻസ് ഗ്യാരന്റി ലഭ്യമാക്കാതെ പ്രവർത്തി ഏൽപ്പിച്ചിരിക്കുന്നു.

| ക്രമ.നം | പ്രവൃത്തി | ടെണ്ടർ നിരക്ക് | കരാറുകാരൻ | അടങ്കൽ തുക ₹ |
|---|---|---|---|---|
| 1 | കന്നിക്കല്ല്-പുല്ലുമേട് റോഡ് കോൺക്രീറ്റിംഗ് | 28 % കുറവ് | ഇ.റ്റി.വർഗ്ഗീസ് | 4,50,000/- |
| 2 | പളനിക്കാവ് എസ്.സി കോളനി റോഡ് കോൺക്രീറ്റിംഗ് | 28.2 % കുറവ് | അഭിലാഷ് റ്റി.കെ | 3,00000/- |
| 3 | ഹെവൻവാലി എസ്.സി കോളനി റോഡ് മെയിന്റനൻസ് | 28.2 % കുറവ് | അഭിലാഷ് റ്റി.കെ | 4,60,000/- |

ടെണ്ടർ കുറവ് അധികമായാൽ നടപ്പിലാക്കുന്ന പ്രവർത്തിയുടെ ഗുണമേൻമ്മ കുറവാകാനുള്ള സാദ്ധ്യത മുന്നിൽ കണ്ടാണ് പെർഫോമൻസ് ഗ്യാരന്റി ലഭ്യമാക്കുവാൻ നിർദ്ദേശിച്ചിരിക്കുന്നത്.പ്രസ്തുത പ്രവർത്തി നടത്തിപ്പിൽ സർക്കാർ ഉത്തരവുകൾ പാലിക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.പദ്ധതി നടത്തിപ്പ് കരാറുകാരെ ഏൽപ്പിക്കുമ്പോൾ സർക്കാർ ഉത്തരവുകൾ പാലിച്ച് പദ്ധതി നിർവ്വഹണം നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.ഭരണ സമിതി ഇക്കാര്യത്തിൽ ശ്രദ്ധ പുലർത്തേണ്ടതുമാണ്.

## 1-23 ഇ-ടെണ്ടർ ഫോം വില പഞ്ചായത്തിന് ലഭിച്ചിട്ടില്ല

അസി.എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2019-20 വർഷത്തിൽ ഇ-ടെണ്ടർ പ്രകാരം നടപ്പാക്കിയ മരാമത്ത് പ്രോജക്ടുകളുടെ ഇ-ടെണ്ടർ ഫോം വില ഇനത്തിൽ

₹1,11,406/- ഇടുക്കി ജില്ലാപഞ്ചായത്ത് എൽ.എസ്.ജി.ഡി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേക്ക് നേരിട്ട് ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത തുക ഗ്രാമപഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല. പ്രസ്തുത തുക ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് ക്രമീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-24 മരുന്നുകൾ പൂർണ്ണമായും ലഭ്യമാകാത്തത് സംബന്ധിച്ച്

എ)പി.എച്ച്.സി ക്ക് മരുന്ന വാങ്ങൽ

| | |
|---|---|
| പദ്ധതി നം | S0084/20 |
| പദ്ധതി പേര് | പി.എച്ച്.സി ക്ക് മരുന്ന വാങ്ങൽ |
| നിർവ്വഹണദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| ബിൽ നം , തുക | 3/19-20,₹2,52,929/-<br>5/19-20, ₹47,070/- |

മേൽ ബില്ലുകളിൽ യഥാക്രമം ₹57,139/- , ₹14,967 എന്നീ തുകകൾക്കുള്ള മരുന്ന് ലഭ്യമായിട്ടില്ല.മരുന്നുകൾ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്

ബി)പാലിയേറ്റീവ് കെയർ

| | |
|---|---|
| പദ്ധതി നം | S0082/20 |
| പദ്ധതി പേര് | പാലിയേറ്റീവ് കെയർ |
| നിർവ്വഹണദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |

തൻവർഷം പാലിയേറ്റീവ് കെയർ പദ്ധതിയ്ക്കായി ബ്ളോക്ക് ഷെയർ ഇനത്തിൽ ലഭ്യമായ ₹2,00,000/- , ₹1,87,000/- എന്നീ തുകകളിൽ യഥാക്രമം 1,09,112, ₹1,54,664എന്നീ തുകകൾക്ക് മരുന്ന് ലഭ്യമായിട്ടില്ല.

മുഴുവൻ തുകയ്ക്കും മരുന്ന് ലഭ്യമാക്കുവാൻ വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

## 1-25 സ്ഥലംമാറ്റ ശംബള മുൻകൂർ - ക്രമീകരിക്കാത്തത്

അയ്യപ്പൻകോവിൽ ഗ്രാമപഞ്ചായത്തിൽ ഹെഡ് ക്ലർക്കായി ജോലിചെയ്തിരുന്ന ശ്രീ എസ്. രാജേഷ് കൊല്ലം ജില്ലയിലെ തലവൂർ ഗ്രാമ പഞ്ചായത്തിലേയ്ക്ക് സ്ഥലം മാറിപ്പോയപ്പോൾ 12.2.2020-ലെ സെക്രട്ടറിയുടെ ഉത്തരവ് നം.എ4-2923/18 പ്രകാരം അനുവദിച്ച നൽകിയ സ്ഥലംമാറ്റ ശംബള മുൻകൂർ 35700/- (വൗച്ചർ നം.21900895/13.2.20) നാളിതുവരെ ക്രമീകരിച്ചിട്ടില്ല. ആയത് താമസംവിനാ ക്രമീകരിച്ച് അറിയിക്കേണ്ടതാണ്. മുൻകൂറുകൾ നൽകമ്പോൾ ആയത് സമയബന്ധിതമായി ക്രമീകരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-2020 | ഓഡിറ്റിനൊപ്പം പരിശോധിച്ചു | |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക്പഞ്ചായത്ത് | 2019-20 | 100,000 | ശാരീരിക മാനസീക വെല്ലുവിളി നേരിടുന്നകുട്ടികൾക്ക് സ്കോളർഷിപ്പ് | 100,000 | - |
| ബ്ലോക്ക്പഞ്ചായത്ത് | 2019-20 | 387000 | പാലിയേറ്റീവ് കെയർ | 387000 | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 2019-20 | 1150000 | ലൈഫ് ഭവന പദ്ധതി | 150000 | 0 |
| ജില്ല പഞ്ചായത്ത് | 2019-20 | 400000 | പാലിന് സബ്സിഡി | 29501 | 370499 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹ | പ്രവൃത്തിയുടെ | വൗച്ചർ നമ്പർ/ | മുൻകൂർ | ചെലവഴിച്ച | ചെലവഴിക്കാൻ |
|---|---|---|---|---|---|

| ഏജൻസി | പേര് | ചെക്ക് നം. | നൽകിയ തുക | തുക | ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി. ഉപ്പുതറ | അംഗൻവാടി വൈദ്യുതീകരണം സർവ്വീസ് കണക്ഷൻ തുക ഒടുക്കൽ പ്രോ നം 184/19-20 | കെ.എസ്.ഇ.ബി. ഉപ്പുതറ അക്കൗണ്ട് നംയു ബി ഐ എൻ0542326 ലേക്ക് Neftട്രാൻസ്ഫർ ചെയ്തു | 34671 | 34671 | 0 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 8960,000രൂപ വരവുണ്ട്. ഇത്ൽ 8691423 രൂപ വിനിയോഗിച്ചിട്ടുണ്ട്.ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി (ഹഡ്കോ ലോൺ) ഇ.എം.എസ് | സ.ഉ.(എം.എസ്) 151/2017/ തസ്വഭവ/ 31.07.2017 സ.ഉ.(സാധാ) 510/2010/ തസ്വഭവ/17210 | 8960,000<br>10900000 | 6936957<br>1082500 | 941177<br>1082500 | -- | 14955780<br>0 |

## 4-6 സ്ഥിര നിക്ഷേപങ്ങൾ

- ഇല്ല -

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 | 39 | 1999-2000 | - | ചെറുകിട ജലസേചന പദ്ധതിയിൽ വ്യാജമായി ഗുണഭോക്താക്കളെ ചേർത്തു | |
| 1997-98 | 40 | 1999-2000 | - | പുതിയ വ്യവസായ യൂണിറ്റിനുള്ള ധനസഹായം അധികം നൽകി | |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

എ) ചാർജ് നടപടികളുടെ വിവരം

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക ₹ (തീയതി) |
|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക ₹ | | |

| | | | | | | |
|---|---|---|---|---|---|---|
| 1 | 1997-98 | 27 ബി | സുകമാരൻ നായർ സെക്രട്ടറി | LF.1461/ SplCell/ SC2/01/ Dt.14.09.2001 ₹500 | | |
| 2 | | 28 | സുകമാരൻ നായർ സെക്രട്ടറി | LF.1461/ SplCell/ SC2/01/ Dt.14.09.2001 ₹1443 | | |

(ബി) സർചാർജ് നടപടികളുടെ വിവരം

| | | | | | |
|---|---|---|---|---|---|
| 2 | 1998-99 | 29 | ശ്രീ. പി.എ.ജോൺ , കൃഷി ഓഫിസർ. | LF-13233/ Spl.Cell/ CSC/C1/2002 Dtd.24.02.2003 ₹13049 | |
| 3 | 1999-00 | 28 | ശ്രീ.പി.സി.ചാക്കോ, അസി.എഞ്ചിനിയർ | LF-19010/ Spl.Cell/ SC2/2002 Dtd-16.12.2002 ₹3870- | 3870- രസീത് നം.60/ 25728/ 23/08/2006 |
| 4 | 1999-2000 | 29 | ശ്രീമതി. ലൌലി അഗസ്റ്റ്യൻ കൃഷി ഓഫീസർ | LF-19010/ Spl.Cell/ SC2/2002 Dtd-16.12.2002 ₹5220 | |
| 5 | 2000-01 | 24 | ശ്രീമതി.ലൗലി അഗസ്റ്റ്യൻ, കൃഷി ഓഫിസർ | LF-12366/ Spl.Cell/ CSC/C1/2003 Dated12.01.2004 | രസീത് നം. 69/25728 തീയതി-24.08.06 ₹5000 |
| 6 | 2001-02 | 3 | ശ്രീ. സി. എം. പോൾ സെക്രട്ടറി | LF-2314/ Spl.Cell/ SC/2006 Dated-16.03.2006 | രസീത് നം.18/ 5728 തീയതി. 04.09.2006- ₹1861 |
| 7 | 2006-07 | 3-14 | എൻ. രാജീവ് കൃഷി ഓഫിസർ | LF-15684/ Spl.Cell/ CSC/C1/2011 Dated-10.06.2013 ₹25000 | |

4-10 ഓഡിറ്റ് പ്രത്യവലോകനം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹57236660 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹58723171 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹1006611 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക ₹ | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| - ഇല്ല - | | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 63755 | ശ്രീ പി എൻ സുരേന്ദ്രൻ നായർ ,സെക്രട്ടറി |
| | | |

| | | |
|---|---|---|
| 1-18 | 700000 | ശ്രീ പി എൻ സുരേന്ദ്രൻ നായർ ,സെക്രട്ടറി |
| 1-20 | 242856 | ശ്രീമതി അനമോൾ ആർ എസ്<br>അസി. എഞ്ചിനീയർ |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

– ഇല്ല –

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല –

(ഇ) <u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം</u>

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിര മേൽവിലാസം |
|---|---|---|
| ശ്രീമതി അനമോൾ ആർ എസ്<br>അസി. എഞ്ചിനീയർ | അസി. എഞ്ചിനീയർ<br>അയ്യപ്പൻകോവിൽ ഗ്രാമപഞ്ചായത്ത് | രാധാലയം , കട്ടപ്പന പി ഒ കട്ടപ്പന |
| ശ്രീ പി എൻ സുരേന്ദ്രൻ നായർ<br>സെക്രട്ടറി | വിരമിച്ചു | പൂന്തോട്ടത്തിൽ , തങ്കമണി പി ഒ ,തങ്കമണി |

<u>4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകള്</u>

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡിക നമ്പർ |
|---|---|---|---|
| 1978-1979 | എൽ.എഫ്.ഐ.5-366/87/21.01.97 | | |
| 1979-1980 | എൽ.എഫ്.ഐ.5-366/87/21.01.97 | | |
| 1980-1981 | എൽ.എഫ്.ഐ.5-366/87/21.01.97 | | |
| 1981-1982 | എൽ.എഫ്.ഐ.5-366/87/21.01.97 | | |
| 1982-1983 | എൽ.എഫ്.ഐ.5-366/87/21.01.97 | | |
| 1983-1984 | എൽ.എഫ്.ഐ.5-965/90/21.01.97 | | |
| 1984-1985 | എൽ.എഫ്.ഐ.5-939/90/21.01.97 | | |
| 1985-1986 | | | |

| | | | |
|---|---|---|---|
| | എൽ.എഫ്.ഐ.5-938/90/21.01.97 | | |
| 1986-1987 | എൽ.എഫ്.ഐ.5-540/91/21.01.97 | | |
| 1987-1988 | എൽ.എഫ്.ഐ.5-3/91/21.01.97. | | |
| 1988-1989<br>1989-1990 | എൽ.എഫ്.ഐ.5-55/93/21.01.97 | | |
| 1990-1991<br>1991-1992 | എൽ.എഫ്.ഐ.5-602/94/15.11.95 | | |
| 1992-1993<br>1993-1994 | എൽ.എഫ്.ഐ.5-362/96/13.02.1996 | | |
| 1997-1998 | കെ.എസ്.എ.ഐ.ഡി.കെ-9-<br>657/2018/19.05.2018 | 4 | ഖ.27 (ബി), 28, 39, 40 |
| 1998-1999 | കെ.എസ്.എ.ഐ.ഡി.കെ-9-<br>657/2018/19.05.2018 | 1 | 29 |
| 1999-<br>2000 | കെ.എസ്.എ.ഐ.ഡി.കെ-9-<br>657/2018/19.05.2018 | 1 | 29 |
| 2004-<br>2005 | കെ.എസ്.എ.ഐ.ഡി.കെ-9-<br>657/2018/19.05.2018 | 2 | 3-6,3-7 |
| 2005-<br>2006 | കെ.എസ്.എ.ഐ.ഡി.കെ-9-<br>657/2018/19.05.2018 | 1 | 3-5 |
| 2006-<br>2007 | എൽ.എഫ്.ഐ.9-831/18 തീ.28.02.2018 | 18 | 2-1, 2-2, 2-3, 2-4, 2-5, 3-1, 3-2, 3-5, 3-7, 3-9, 3-10, 3-11, 3-12, 3-13, 3-14, 3-15, 3-16, 4-3 |
| 2007-<br>2008 | എൽ.എഫ്.ഐ-9/1218/11തീ.19.03.12 | 17 | 2-1, 2-2, 2-3, 2-4, 2-5, 3-1, 3-2, 3-3, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12, 4-3, 4-6 |
| 2008-<br>2009 | എൽ.എഫ്.ഐ.9-1085/16 തീ.01.09.2016 | 14 | 2-2, 2-3, 2-4, 2-5, 2-6, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 4-3 |
| 2009-2010 | എൽ.എഫ്.ഐ.9-366/17 തീ.21.04.2017 | 7 | 1-1, 1-2, 2-1(1), (2), 3-3, 3-5, 4-3, 4-6 |
| 2010-2011 | എൽ.എഫ്.ഐ.9-1426/7 തീ.10.10.2017 | 5 | 2-1, 2-2, 2-4, 3-4, 3-9 |
| 2011-2012<br>2012-2013 | എൽ.എഫ്.ഐ.9-789/16 തീ.29.11.2017 | 6 | 2-1, 3-1, 3-2, 3-3, 3-6, 3-8 |
| 2013-14<br>2014-15 | കെ.എസ്.എ.എെ.ഡി.കെ-9/40/16/29.11.2017 | 9 | 2-1, 3-1, 3-3, 3-5, 3-6, 3-8, 3-10, 3-12, 4-9 |
| 2015-16 | കെ.എസ്.എ.എെ.ഡി.കെ-9/577/17 തീ. 20.06.2017 | 8 | 1-12, 2-1, 2-2, 3-1, 3-3, 3-4, 3-6, 4-9 |
| 2016-17 | കെ.എസ്.എ.എെ.ഡി.കെ-9/21/18/28.02.2018 | 7 | 1-12, 2-1, 3-1, 3-2, 3-3, 3-4, 4-9 |
| 2017-18 | കെ.എസ്.എ.എെ.ഡി.കെ-9/1312/18/20.12.2018 | 14 | 1-10, 1-12, 2-1, 2-2, 2-3, 2-4, 3-1, 3-4, 3-8, 3-9, 3-10, 3-11, 3-12, 4-1 |
| 2018-19 | നം.കെ.എസ്.എ-ഐ.ഡി.കെ-9/621/2019 | | 1-12, 2-1 To 2-4, 3-1 To 3-7, 4-8, 4-10 |

ഡെപ്യൂട്ടി ഡയറക്ടർ (ഹ. ഗ്രേഡ്)
ഇടുക്കി

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ഇടുക്കി ജില്ലയിലെ അയ്യപ്പൻകോവിൽ ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

<u>അനുബന്ധം-2</u>

<u>ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം</u>

ഇടുക്കി ജില്ലയിലെ അയ്യപ്പൻകോവിൽ ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്